കാസർഗോഡ് ആസ്ട്രൽ വാച്ചസ് കമ്പനി

140 [2619] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ആസ്ട്രൽ വാച്ചസ് കമ്പനി നിലവിൽ വന്നിട്ട് എത്ര കാലമായി എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ ലാഭ-നഷ്ട കണക്കും ഓരോ വർഷവും പ്രവർത്തിച്ച ദിവസക്കണക്കും വ്യക്തമാക്കാമോ;

(സി) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കാൻ പ്രസ്തുത സ്ഥാപനത്തെ തിരഞ്ഞെടുത്ത സാഹചര്യത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) എന്നേക്ക് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്ത മാക്കാമോ?

ഉത്തരം

(എ) 1979 ജൂൺ മാസത്തിൽ ഉല്പാദനമാരംഭിച്ച ആസ്ട്രൽ വാച്ചസ് കമ്പനി നിലവിൽ വന്നിട്ട് 24 വർഷം പിന്നിട്ടു.

(ബി) കമ്പനിയുടെ കഴിഞ്ഞ അഞ്ചു വർഷത്തെ പ്രവർത്തനത്തെ സംബന്ധിച്ച് വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) താഴെപ്പറയുന്ന രണ്ടു പുനരുദ്ധാരണപദ്ധതികളാണ് പരിഗണനയിലുള്ളത്:

(1) പി.എഫ്., ഇ.എസ്.ഐ. തുടങ്ങിയ സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ തീർക്കുക

(2) വി.ആർ.എസ്. [illegible] ഗ്രാറ്റുവിറ്റി, ശമ്പള കുടിശ്ശികകൾ എന്നിവ നൽകി കഴിയുന്നത്ര ജീവനക്കാരെ പിരിച്ചുവിട്ട് അവരുടെ എണ്ണം ആവശ്യാനുസരണം നിജപ്പെടുത്തുക.

(ഡി) പ്രസ്തുത പദ്ധതികൾ 2003 ഡിസംബർ മാസത്തോടെ നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വലിയ വെളിച്ചം വ്യവസായ വളർച്ചാ കേന്ദ്രത്തിലെ വെള്ളം, റോഡ് വികസനം

141 [2620] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തുപറമ്പ് വലിയ വെളിച്ചം വ്യവസായ വളർച്ചാ കേന്ദ്രത്തിലെ വെള്ളം, റോഡ് വികസനം എന്നിവയ്ക്കുവേണ്ടി ആരംഭിച്ച പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) റോഡ് വികസനത്തിന് ആവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(സി) ഈ രണ്ട് പ്രവൃത്തികളും എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly